**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207** **23-02-2026 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് പണ ഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി. നടപ്പ് സാമ്പത്തിക വർഷം മാത്രം കടമെടുപ്പ് പരിധിയിൽ 16609.94 കോടി രൂപയുടെ വെട്ടിക്കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാനവർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ കടമെടുപ്പ് പരിധിയിലെ കുറവിന് ആനുപാതികമായ വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ അടിസ്ഥാന കാരണം. നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് |

| | | | |
|---|---|---|---|
| | | | സർക്കാർ ശ്രമിച്ചുപോരുന്നത്. ഇതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലപ്രാപ്തി കാരണമാണ് നിലവിലെ പണഞെരുക്കത്തിനിടയിലും വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തുവാൻ സാധിച്ചിട്ടുള്ളത്. |
| (ബി) | ഇതുസംബന്ധിച്ച് വിവിധ വകുപ്പ് സെക്രട്ടറിമാർ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളിൽ സർക്കാർ അംഗീകരിച്ചവ ഏതെല്ലാമാണ്; വിശദമാക്കാമോ? | (ബി) | സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന പണഞെരുക്കം മറികടക്കുന്നതിനുള്ള സെക്രട്ടറിതല നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതുൾപ്പെടെ വിവിധ കോണുകളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന നിർദ്ദേശങ്ങളിൽ സംസ്ഥാന താല്പര്യവും പ്രായോഗികതയും സാമ്പത്തിക വിജയ സാധ്യതയും പരിശോധിച്ചിട്ടാണ് സർക്കാർ നടപടികൾ കൈക്കൊള്ളുന്നത്. അപ്രകാരം വിഭാവനം ചെയ്തിട്ടുള്ള വ്യക്തമായ ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ മുന്നോട്ട് പോകുന്നത്. |

സെക്ഷൻ ഓഫീസർ